**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1654** **04-02-2026 - ൽ മറുപടിയ്ക്ക്**

**കേരള കൃഷി ഹബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. എം. എം. മണി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കൃഷിയുടെ വിവിധ മേഖലകളിൽ നൂതന കൃഷിരീതികളും ഡിജിറ്റൽ സാങ്കേതികവിദ്യകളും പ്രയോജനപ്പെടുത്തി കാർഷികമേഖലയുടെ സമഗ്ര വികസനം സാധ്യമാക്കുന്നതിനായി കേരള കൃഷി ഹബ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ കൃഷിയുടെ വിവിധ മേഖലകളിൽ നൂതന കൃഷിരീതികളും ഡിജിറ്റൽ സാങ്കേതികവിദ്യകളും പ്രയോജനപ്പെടുത്തി കാർഷിക മേഖലയിലെ സമഗ്ര വികസനം സാധ്യമാക്കുന്നതിനായി കേരള കൃഷി ഹബ് (Kerala Krishi Hub) എന്ന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി കതിർ (KATHIR) – (കേരള അഗ്രികൾച്ചർ ടെക്നോളജി ഹബ് & ഇൻഫർമേഷൻ റിപോസിറ്ററി) എന്ന പേരിൽ കേരളത്തിലെ കർഷിക രംഗത്തിന് നവീകരണം നൽകുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട്. ഇത് കേരളത്തിലെ കൃഷി മേഖലയിലെ ഡിജിറ്റൽ പരിവർത്തനത്തിൽ ഒരു പ്രധാന കാൽവെയ്പ്പ് ആണ്. വെബ് പ്ലാറ്റ്ഫോമായും iOS, Android മൊബൈൽ ആപ്പായും ലഭ്യമായ കതിർ, ഒരു സമഗ്ര ഡിജിറ്റൽ സംവിധാനമാണ്. കർഷകർക്ക് രജിസ്ട്രേഷൻ, വിള പരിചരണം, മറ്റ് സഹായങ്ങൾ എന്നിവ കൂടുതൽ ലളിതമാക്കി കാർഷിക സേവനങ്ങളും വിവരങ്ങളും സുലഭമാക്കുന്നതിനുള്ള ഉദ്ദേശ്യത്തോടെയാണ കതിർ രൂപകൽപ്പന ചെയ്തിരിക്കുന്നത്. |
| (ബി) | പദ്ധതിയുടെ ഭാഗമായി കർഷകർക്ക് കാർഷിക സേവനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രത്യേക ആപ്പ് സംവിധാനം ഒരുക്കിയിട്ടുണ്ടോ; എന്തൊക്കെ സേവനങ്ങളാണ് ഇതിലൂടെ ലഭ്യമാവുന്നതെന്ന് വിശദമാക്കാമോ? | (ബി) | കേരള കൃഷി ഹബ് പദ്ധതിയുടെ ഭാഗമായി “കതിർ (KATHIR)” എന്ന പ്രത്യേക മൊബൈൽ ആപ്പ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ഈ ആപ്പ് വഴിയാണ് കർഷകർക്ക് വിവിധ കാർഷിക സേവനങ്ങൾ ഡിജിറ്റൽ രീതിയിൽ ലഭ്യമാക്കുന്നത്.<br><br>കതിർ (KATHIR) ആപ്പ് മുഖേന കർഷകർക്ക് ലഭ്യമായ പ്രധാന സേവനങ്ങൾ |

**1. കർഷകർക്ക് രജിസ്ട്രേഷൻ**

കർഷകർ തങ്ങളുടെ മൊബൈൽ നമ്പർ, ആധാർ എന്നിവ ഉപയോഗിച്ച് കതിരിൽ സ്വയം രജിസ്റ്റർ ചെയ്യാം. വ്യക്തിഗത വിവരങ്ങൾ, ഭൂമി വിവരങ്ങൾ, വിളവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി കൃഷി സംബന്ധമായ എല്ലാ സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന രജിസ്ട്രേഷനാണ് ഇത്.

**2. കർഷക ഐഡി കാർഡ്**

Unique QR കോഡ് അടങ്ങിയ ഡിജിറ്റൽ ഐഡി കാർഡ് കർഷകർക്ക് ലഭ്യമാക്കുന്നു. ഈ QR കോഡ് സ്കാൻ ചെയ്ത് കർഷക തിരിച്ചറിയൽ, ആനുകൂല്യങ്ങൾ, സബ്സിഡികൾ എന്നിവ വേഗത്തിൽ ലഭ്യമാക്കാം.

**3. പ്ലാന്റ് ഡോക്ടർ (വിള ഡോക്ടർ)**

കൃഷിയിടത്തിൽ കീട-രോഗപ്രശ്നങ്ങൾ നേരിടുന്ന കർഷകർക്ക് ഈ മോഡ്യൂൾ വഴി കൃഷി ഓഫീസർമാരോട് നേരിട്ട് ഉപദേശം തേടാം. സമയബന്ധിതമായി അടിയന്തര മാർഗനിർദേശങ്ങൾ ലഭ്യമാക്കി വിള നാശം കുറയ്ക്കാനും ഉൽപ്പാദനം മെച്ചപ്പെടുത്താനും സഹായിക്കുന്നു.

**4. മണ്ണ് പരിശോധന**

കർഷകർ മണ്ണ് പരിശോധനയ്ക്ക് അപേക്ഷിക്കാം, ഇത് വിള ആരോഗ്യവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കാൻ സഹായിക്കും. കൃഷിഭവനിലോ മണ്ണ് പരിശോധനാ ലബോറട്ടറികളിലോ പരിശോധന നടത്താൻ അപേക്ഷിക്കാം, ഇത് മൈക്രോന്യൂട്രിയന്റുകൾ അടങ്ങിയ ശാസ്ത്രീയ പരിശോധനയ്ക്ക് സഹായകരമാണ്. സന്തുലിതമായ വളപ്രയോഗം ഉറപ്പാക്കുന്നതിലൂടെ മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കാനും പരിസ്ഥിതി സൗഹാർദ്ദ കൃഷിയിലേക്ക് കടക്കാനും കർഷകർക്ക് സാധിക്കും.

**5. അഭിപ്രായം**

കൃഷിഭവനുകളിൽ QR കോഡ് സ്കാൻ ചെയ്ത് കർഷകർക്ക് തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്താം. സേവന നിലവാരം മെച്ചപ്പെടുത്താനും കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള സർക്കാർ നടപടികൾ കൂടുതൽ ശക്തിപ്പെടുത്താനും ഇത് സഹായിക്കുന്നു.

6. **കൃഷിക്കൂട്ടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന്**

പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കർഷക കൂട്ടായ്മകളായ ഉൽപാദന കൃഷിക്കൂട്ടം, മൂല്യവർദ്ധന

| | | | |
|---|---|---|---|
| | | | കൃഷിക്കൂട്ടം, സേവന കൃഷിക്കൂട്ടം എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സാധിക്കുന്നു.<br><br>**7. തത്സമയ കാലാവസ്ഥാ അറിയിപ്പുകൾ**<br>കൃഷി സ്ഥലം അടിസ്ഥാനമാക്കി കാലാവസ്ഥാ പ്രവചനങ്ങൾ കർഷകർക്ക് നേരിട്ട് ലഭ്യമാക്കുന്നു. ഉത്പാദനോപാധി വിതരണം, കൃഷി പ്രവർത്തനങ്ങൾ, കീടനിയന്ത്രണം എന്നിവ സമഗ്രമായി പദ്ധതി രൂപീകരിക്കാൻ സഹായിക്കുന്നു.<br><br>**8. കാർഷിക ഉപദേശ (Agro-Advisory) സംവിധാനം**<br>കൃഷിഭൂമിയുടെ സ്ഥാനം, വിളയുടെ വളർച്ചാ ഘട്ടം, കാലാവസ്ഥ, കീടരോഗ സാധ്യതകൾ എന്നിവ പരിഗണിച്ച് വ്യക്തിഗത കാർഷിക ഉപദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു.<br><br>**9. കാർഷിക യന്ത്രവൽക്കരണം (വികസന ഘട്ടത്തിൽ)**<br>കർഷകർക്ക് കാർഷിക കർമസേനകൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നിവ മുഖേന യന്ത്ര സേവനങ്ങൾ ആവശ്യപ്പെടുന്നതിനുള്ള ഡിജിറ്റൽ സംവിധാനം വികസിപ്പിച്ചു വരുന്നു.<br><br>**10. ഇ-മാർക്കറ്റ് സംവിധാനം (വികസന ഘട്ടത്തിൽ)**<br>കർഷകർക്ക് അവരുടെ വിള ഉൽപ്പന്നങ്ങൾ ഡിമാൻഡ് അടിസ്ഥാനത്തിലുള്ള വിപണിയുമായി ബന്ധിപ്പിക്കുന്നതിനുള്ള സൗകര്യം കതിർ ആപ്പിൽ നിലവിൽ വികസിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ